കയർ സഹകരണസംഘങ്ങൾക്ക് കെട്ടിടനിർമ്മാണം

* 35 [94] ശ്രീ. സി. കെ. ബാലകൃഷ്ണൻ,
,, ടി. കെ. രാമകൃഷ്ണൻ,
,, ഇ. ബാലാനന്ദൻ
,, പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ എത്ര കയർ സഹകരണസംഘങ്ങൾ കെട്ടിടനിർമ്മാണത്തിനുവേണ്ടിയുള്ള ലോണിന് അപേക്ഷിച്ചിട്ടുണ്ട്;

(ബി) എത്രപേർക്ക് ഇതിനകം ഈ കാര്യത്തിന് സഹായം നൽകിയിട്ടുണ്ട്?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്): (എ) പതിനൊന്ന്.

(ബി) ആർക്കും സഹായം നൽകിയിട്ടില്ല. കയർ സഹകരണസംഘങ്ങൾക്ക് കെട്ടിടനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കയർ സഹകരണസംഘങ്ങൾക്ക് കെട്ടിടനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങൾ ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. എന്നാൽ ഷെയർ ക്യാപിറ്റലും ലോണും കൊടുക്കുന്നത് നിറുത്തിവച്ചിരിക്കുന്നതായി അറിയുന്നു. അതിനുള്ള കാരണമെന്താണ്?

ശ്രീ. ടി. വി. തോമസ്: ഷെയർ ക്യാപിറ്റലും ലോണും പുതിയ പദ്ധതി നടപ്പിലാക്കുന്നതുവരെ പുതിയതായി കൊടുക്കേണ്ടായെന്നുപറഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് നിറുത്തിവച്ചിരിക്കുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഷെയർ ക്യാപിറ്റലും ലോണും നൽകുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് വൈകുന്നതിനുള്ള കാരണമെന്താണ്?

ശ്രീ. ടി. വി. തോമസ്: പദ്ധതി നടപ്പിൽ വരുത്തുന്നതിനു താമസമുണ്ടെന്നുള്ളതു ശരിയാണ്. താമസം ഉണ്ടാകുന്നതു സ്വാഭാവികമാണ്. ആഗസ്റ്റിൽതന്നെ ഈ പദ്ധതി നടപ്പിൽ വരുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കഴിയുന്നതും വേഗം കെട്ടിടനിർമ്മാണത്തിനു ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ?

ശ്രീ. ടി. വി. തോമസ്: ഇന്നു നിലവിലുള്ള നിയമമനുസരിച്ചുതന്നെ കൊടുക്കാൻ സാധിക്കുമായെങ്കിൽ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതല്ലെങ്കിൽ ആഗസ്റ്റ് മാസത്തിൽ പുതിയ സ്കീം നടപ്പിൽ വരുമ്പോൾ കെട്ടിടനിർമ്മാണത്തിനുള്ള ധനസഹായം കൊടുക്കുന്നതാണ്.

ഗവണ്മെന്റ് എൻജിനീയറിംഗ് വർക്ക്ഷോപ്പുകൾ

* 36 [95] ശ്രീ. സി. ഗോവിന്ദപ്പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു. ഡി-യുടെ കീഴിലുള്ള ഗവണ്മെന്റ് എൻജിനീയറിംഗ് വർക്ക്ഷോപ്പുകളുടെ പ്രവർത്തനത്തിലുള്ള പിന്നോക്കാവസ്ഥയ്ക്ക് കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഷോപ്പുകളിലെ യി ഏത്ര പേർ തൊഴിലെടുക്കുന്നു;

(സി) ചാക്കയിലുള്ള പി. ഡബ്ള്യു.ഡി. വർക്ക് ഷോപ്പിൽ എത്ര സെക്ഷനുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രവർത്തിക്കാതെ അടഞ്ഞു കിടക്കുന്ന സെക്ഷനുകളുവ;

(ഡി) പ്രധാന സാങ്കേതിക ബുദ്ധിമുട്ടുകൾ എന്തെല്ലാം;

(ഇ) പ്രസ്തുത വർക്ക് ഷോപ്പിന്റെ പ്രവർത്തന പുരോഗതി എന്തു?

മരാമത്തു മന്ത്രി (ശ്രീ.ടി. കെ. ദിവാകരൻ):

(എ) ചാക്കവർക്ക്ഷോപ്പ് ഒഴിച്ചുള്ള മറ്റു വർക്ക്ഷോപ്പുകളെ സംബന്ധിച്ചു വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) തിരുവനന്തപുരം ചാക്കവർക്ക്ഷോപ്പിൽ 323 പേർ, മറ്റുള്ള വർക്ക്ഷോപ്പുകളിലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) സാമിൻസ്, കാർപ്പെന്ററി, പെയിന്റിംഗ്, ഫാബ്രിക്കേഷൻ മെഷീൻഷോപ്പ്, ഫൗണ്ടറി, ബാഡ്ബിൽഡിംഗ് എന്നീ സെക്ഷനുകൾ പ്രവർത്തിക്കുന്നു. ഇപ്പോൾ പ്രവർത്തിക്കാത്ത യാതൊരു സെക്ഷനുമില്ല.

(ഡി) സാങ്കേതിക തടസ്സങ്ങൾ അങ്ങനെ പറയത്തക്കവയായി ഒന്നുമില്ല.

(ഇ) 36 ലക്ഷം രൂപ.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: ഗവണ്മെന്റു എൻജിനീയറിംഗ് വർക്ക്ഷോപ്പുകളെ സംബന്ധിച്ച് സാമ്പത്തികമായ പരാധീനതകളോ, സാങ്കേതികമായ തകരാറുകളോ ഉണ്ടോ? എന്തു കാരണം കൊണ്ടാണു ഇടക്കിടക്കു നിന്നു പോകുന്നതെന്നു വ്യക്തമാക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: സാങ്കേതികമായ തകരാറുകളോ, സാമ്പത്തികമായ പരാധീനതകളോ ഇല്ല. കാര്യക്ഷമമായ നടത്തിപ്പിനു തുടർച്ചയായ ഇൻഡസ്ട്രിയൽ മാനേജ്മെന്റു ആവശ്യമാണു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഗവണ്മെന്റു എൻജിനീയറിംഗ് വർക്ക്ഷോപ്പുകളിൽ വളരെ വലിപ്പമുള്ള മെഷിനറിയും സൗകര്യങ്ങളും പ്രയോജനപ്പെടുത്താതെ നഷ്ടപ്പെടുത്തുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴും ആവശ്യമായ ജോലികളും ഇല്ലാത്തതുകൊണ്ടു മെഷിനറി പൂർണ്ണമായും ഉപയോഗിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: ചാക്ക വർക്ക്ഷോപ്പിൽ സ്റ്റേറ്റു ട്രാൻസ്പോർട്ട് കോർപ്പറേഷനു വേണ്ടി ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും സ്ഥിരമായി ചെയ്തിട്ടുണ്ടോ; അതിനുള്ള ഫർണ്ണിച്ചറുകളും ചെയ്തിട്ടുണ്ടോ?

ശ്രീ ടി. കെ. ദിവാകരൻ: ട്രാൻസ്പോർട്ട് കോർപ്പറേഷനു വേണ്ടി ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിനു വേണ്ടി ഒരു യൂണിറ്റു ചാക്ക വർക്ക്ഷോപ്പിൽ പരിശോധനാർത്ഥം ആരംഭിച്ചിട്ടുണ്ട്. ആ യൂണിറ്റു തുടങ്ങിയ കാലത്തു ബോഡി നിർമ്മിക്കുന്നതിനു വേണ്ടി ഓർഡർ കിട്ടിയതുപോലെ ഇപ്പോൾ ബസ്സുകളും ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും കൊടുക്കുന്നില്ല. ഈ കാരണത്തു ആ യൂണിറ്റിൽ ഇപ്പോൾ തന്നെ ഇല്ലാത്ത ഒരു അവസ്ഥയുണ്ടായി. അടുത്ത മുന്നു മാസക്കാലത്തേക്കു മൂന്നു ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിനു വേണ്ടി തരാമെന്നു സമ്മതിച്ചിട്ടുണ്ട്. പിന്നീടുള്ള കാലത്തേക്കു ഒരുറപ്പും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. മജീദ്: ഈ യൂണിറ്റിലേക്ക് സ്ഥിരമായി ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിനാവശ്യമായ ബസ്സുകൾ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും കിട്ടുന്നതിനു് ആവശ്യമായ നടപടികൾ എടുക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിൽ ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റുണ്ടു്. അതു കൂടാതെ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഇടപ്പാൾ എന്ന സ്ഥലത്തു് ഒരു യൂണിറ്റു് ആരംഭിക്കാൻ ഉദ്ദേശമുള്ളതായി അറിയുന്നു. അതു കൊണ്ടു് അവരുടെ യൂണിറ്റുകളിൽ നിർമ്മിച്ചിട്ടു് അധികം ഉണ്ടെങ്കിലേ പാക്ക വർക്ക്ഷോപ്പിലെ യൂണിറ്റിലേക്കു് കിട്ടുകയുള്ളു.

ശ്രീ. കെ. എം. മാണി: പാക്കവർക്ക്ഷോപ്പിൽ ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിനുള്ള കപ്പാസിറ്റി എത്ര മാത്രം ഉണ്ടെന്നു് പറയുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ഒരു മാസം നാലു ബസ്സുകളുടെ ബോഡി വീതം നിർമ്മിക്കുന്നതിനുള്ള കപ്പാസിറ്റിയുണ്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു് മന്ത്രി ട്രാൻസ്പോർട്ട് ബസ്സുകളുടെ ബോഡി ബിൽഡിംഗിനു് ഗവണ്മെന്റു് വർക്ക്ഷോപ്പുകളെ ഏർപ്പാടു് ചെയ്യാമെന്നു പഞ്ഞിട്ടുണ്ടായിരുന്നു. ഗവണ്മെന്റിൽ നിന്നു ഡയറക്ഷൻ കൊടുത്തുകൂടേ, കേരളത്തിനു വെളിയിൽ കൊടുക്കുന്നതു ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ സംസ്ഥാനത്തിനകത്തുള്ള വർക്ക്ഷോപ്പുകൾക്കു് കൊടുക്കണമെന്നു?

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ ബോഡി ബിൽഡിംഗിനു് ബസ്സുകൾ വെളിയിൽ കൊടുക്കുന്നതായി അറിവില്ല. ഒരു അടിയന്തിര പരിതസ്ഥിതിയിൽ കുറേ ബസ്സുകൾ വന്നപ്പോൾ വെളിയിൽ കൊടുക്കുകയുണ്ടായിട്ടുണ്ടു്. ഇപ്പോൾ ട്രാൻസ്പോർട്ട് കോർപ്പറേഷൻ മുന്നു ബസ്സുകൾ ബോഡി ബിൽഡിംഗിനു് പാക്ക വർക്ക്ഷോപ്പിൽ കൊടുക്കുന്നുണ്ടു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: റോഡു് നിർമ്മാണത്തിനു തടസ്സമായി നിൽക്കുന്നതു് സർക്കാർപുറമ്പോക്കാണെന്നുള്ളതിനെ പരിഗണിച്ചു് കേടുപാടായി കിടക്കുന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിനു് ഈ വർക്ക്ഷോപ്പുകളുടെ സേവനം പ്രയോജനപ്പെടുത്തുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴത്തെ പ്രായം ജനപ്പെടുത്തുന്നുണ്ടു്.

ശ്രീ. കെ. കൃഷ്ണൻ (പാലക്കാടു്): ഓരോ ജില്ലയിലും വർക്ക്ഷോപ്പുകളുണ്ടെങ്കിൽ വളരെ വേഗത്തിൽ റിപ്പയർ ചെയ്യാൻ സാധിക്കുമെന്നുള്ളതിനെ പരിഗണിച്ചു് പാലക്കാടു് ജില്ലയിലെ മലമ്പുഴയിലുള്ള റീജിയണൽ വർക്ക്ഷോപ്പു് വികസിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെന്റു് വക എല്ലാ ഉപകരണങ്ങളും ഈ വർക്ക്ഷോപ്പുകളിലും റിപ്പയർ ചെയ്യാൻ സാധിക്കുന്നതല്ല. ഈ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതിനു വേണ്ട നടപടി ഗവണ്മെന്റു് സ്വീകരിക്കുന്നുണ്ടു്.

ശ്രീ. കെ. എം. മാണി: ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിലുള്ള ബസ്സുകളുടെ ബോഡി ബിൽഡിംഗിനുവേണ്ടി ടി. വി. എസ്സിനു് കൊടുത്തതിനെ സംബന്ധിച്ചു് ചോദിച്ചപ്പോൾ ട്രാൻസ്പോർട്ടുമന്ത്രി പറഞ്ഞതു്, പാക്ക വർക്ക്ഷോപ്പിൽ സൗകര്യമില്ലാത്തതുകൊണ്ടാണു് പുറത്തുകൊടുത്തതെന്നാണു്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, പ്രതിമാസം നാലു ബസ്സുകളുടെ ബോഡി നിർമ്മിക്കാനുള്ള കപ്പാസിറ്റി പാക്ക വർക്ക്ഷോപ്പിനുണ്ടെന്നു്. ഇങ്ങനെ പരസ്പര വൈരുദ്ധ്യമുള്ള ഉത്തരം നൽകുന്നതിന്റെ വസ്തുത എന്താണെന്നു പറയാമോ?

ശ്രീ. ടി കെ. ദിവാകരൻ : ഒരു പരസ്യ വൈരുദ്ധ്യവുമില്ല. ചാക്ക വക്ഷോപ്പിൽ ബാഡി ബിൽഡിംഗ് ആരംഭിച്ചതു് ടി വി. എസ്സിനു് ആർഡർ കൊടുത്ത സന്ദർഭത്തിലാണു്. അതിനുമുമ്പു് അവിടെ ബാഡി ബിൽഡിംഗ് ഉണ്ടായിരുന്നില്ല. നാലു ബസ്സുകളാണു് ആദ്യമായി അവിടെ ബാഡി ബിൽഡിംഗിനു് ഏൽപ്പിച്ചതു്. ആദ്യം ജോലിയിൽ വലിയ പരിശീലനം കിട്ടിയിട്ടില്ലാതിരുന്നതുകൊണ്ടു് ആദ്യം കൊടുത്ത ബസ്സുകൾ ട്രാൻസ്പോർട്ട് കാർപ്പറേഷനെ ബാഡി ബിൽഡിംഗ് തീർത്തു് ഏൽപ്പിക്കാൻ കുറെ കാലതാമസമുണ്ടായി. കാർപ്പറേഷനിൽ കീഴിലുള്ള ബാഡിബിൽഡിംഗ് യൂണിറ്റിലും, ചാക്കവക്ഷോപ്പിലുംകൂടി ജോലിചെയ്തു തീർക്കാൻ സാധിക്കാത്തതുകൊണ്ടാണു് ഒരു പ്രത്യേക പരിതസ്ഥിതിയിൽ കൂടുതൽ ബസ്സുകൾ വെളിയിൽ കൊടുക്കാൻ ഇടയായതു്.

ശ്രീ. പി. പി. ജോർജ്ജ് : ചാലക്കുടി പി. ഡബ്ലിയു. ഡി. എൻജിനീയറിംഗ് വക്ഷോപ്പ് അപ്ഗ്രഡു് ചെയ്യുന്നതിനുള്ള നിർദ്ദേശം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടായിരുന്നു. അതേ സംബന്ധിച്ചു് എന്തു നടപടിയെക്കാൻ ഉദ്ദേശിക്കുന്നു ?

ശ്രീ. ടി. കെ. ദിവാകരൻ : വക്ഷോപ്പ് അപ്ഗ്രഡു് ചെയ്യാൻ പരിപാടിയില്ല.

ശ്രീ എൻ. പി. കുട്ടിക്കൃഷ്ണൻ നായർ : കോഴിക്കോടു് പി. ഡബ്ലിയു. ഡി. വക്ഷോപ്പ് നിറുത്തൽ ചെയ്യാൻ പോകുന്നതായി കേട്ടു. കുറെ ആളുകളെ അവിടെ നിന്നു പിരിച്ചുവിട്ടിട്ടുണ്ടു്. ആ കാര്യത്തെ സംബന്ധിച്ചു് എന്തെങ്കിലും അവസാന തീരുമാനമെടുത്തിട്ടുണ്ടോ ?

ശ്രീ. ടി. കെ ദിവാകരൻ : കോഴിക്കോടു് റീജിയണൽ വക്ഷോപ്പ് നിറുത്തുന്നതിനെപ്പറ്റി ആലോചിച്ചിട്ടില്ല. കാഷ്വലായി എടുത്ത കുറെ ആളുകളെ പിരിച്ചുവിടുകയാണു് ഉണ്ടായിട്ടുള്ളതു്.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ : ട്രാൻസ്പോർട്ടു് കാർപ്പറേഷന്റെ മാത്രമല്ല പ്രൈവറ്റു് ബസ്സുകളുടെ ബാഡിബിൽഡിംഗുകളുടെ ചാക്കവക്ഷോപ്പിൽ എടുക്കാൻ കഴിയുമോ ? ടി. വി. എസ്സിനെപ്പോലെ കേരളായി ബാഡിബിൽഡിംഗ് ഇവിടെനിന്നു ചെയ്തുകൊടുക്കാൻ സാധ്യതയുണ്ടോ ?

ശ്രീ ടി. കെ. ദിവാകരൻ : ഞാൻ നേരത്തെ പറഞ്ഞതുപോലെ കഴിഞ്ഞ വർഷം തുടങ്ങിയ ഒരു പ്രോജക്ടു് യൂണിറ്റാണു് ഇതു്. കൂടുതൽ പരിശീലനവും സഹകാര്യമേഖലയുമായി മൽസരിക്കാൻ കഴിവും വൈദഗ്ധ്യവും സമ്പാദിക്കുമ്പോൾ പ്രൈവറ്റു ബസ്സുകളും സമ്പാദിക്കാൻ ശ്രമിക്കുന്നതാണു്.

ശ്രീ കെ. സി വാമദേവൻ : ട്രാൻസ്പോർട്ട കാർപ്പറേഷൻ വക ബസ്സുകളുടെ ബാഡി നിർമ്മാണത്തിനു് ചാക്ക വക്ഷോപ്പിലുള്ള എല്ലാ മെഷിനറികളും പ്രവർത്തിപ്പിക്കണമെങ്കിൽ അവിടെ കെട്ടിടങ്ങൾ സമാധാനം ആവശ്യമായിരിക്കേ ധാരാളം പുതിയ പിക്കറിംഗ് സമരവും ആരംഭിക്കാൻ പോകയാണെന്നുള്ള വസ്തുതയെ പരിഗണിച്ചു് അവിടെ ഒഴിഞ്ഞ സമാധാനം നിലനിറുത്തുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി കെ ദിവാകരൻ : പിക്കറിംഗ് ഒഴിവാക്കുന്നതു് അവിടത്തെ യൂണിയനുകളുമായി ആശ്രയിച്ചിരിക്കും. സാമ്പത്തികമായി കുറെക്കൂടി ആനുകൂല്യങ്ങൾ അനുവദിക്കുന്നതു് ഈ സ്ഥാപനത്തിന്റെ ഇന്നത്തെ പരിതസ്ഥിതി അനുസരിച്ചു മാത്രമേ സാധിക്കുകയുള്ളൂ.

ശ്രീ. കെ. കരുണാകരൻ : ട്രാംവേ നിറുത്തിയതിനെത്തുടർന്നു് അവിടെയുള്ള വക്ഷോപ്പ് പുനഃപ്രവർത്തിപ്പിച്ചു പക്കാ വക്ഷോപ്പാക്കുന്ന കാര്യം ഗവണ്മെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്നു് പറഞ്ഞു. അതു് എന്നു നടപ്പിൽവരും ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : ടാംവേ നിറുത്തിയിട്ട് വളരെക്കാലമായി. അവിടെ ഒരു റീജിയണൽ വക്ഷോപ്പ് നടന്നുപരുന്നുണ്ട്. ആ റീജിയണൽ വക്ഷോപ്പ് വിപുലപ്പെടുത്തുന്ന പരിപാടിയില്ല. ഉള്ളവയെ കാര്യക്ഷമമായി നടത്തുന്ന കാര്യംമാത്രമേ ഗവണ്മെന്റ് പരിഗണിക്കുന്നുള്ളൂ.

ശ്രീ പി. എസ്. നമ്പൂതിരി : ഇന്നുള്ള റീജിയണൽ വക്ഷോപ്പുകളും കുറെക്കൂടി നന്നാക്കി പ്രവർത്തിപ്പിക്കുകയാണെങ്കിൽ ജില്ലാ ആസ്ഥാനത്തിലുള്ള റിപ്പയറുകളും അതാതു ജില്ലകളിൽത്തന്നെ നടത്താൻ സാധിക്കും. ആ നിലയിൽ ഈ വക്ഷോപ്പുകളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ ടി കെ. ദിവാകരൻ : ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ഈ. ബാലാനന്ദൻ : ഗവണ്മെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളും നടത്തുന്ന ജോലികളും പി. ഡബ്ലിയു. ഡി. വക്ഷോപ്പുകളിൽക്കൂടി നടത്താനുള്ള ഇന്റർ ഡിപ്പാർട്ടുമെന്റൽ സഹകരണം സമ്പാദിച്ച് ഇനിമേൽ എല്ലാം പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ ടി കെ. ദിവാകരൻ : നമ്മുടെ ഡിപ്പാർട്ടുമെന്റുകളിലുള്ള എല്ലാ ജോലിയും തിരുവനന്തപുരത്തു കൊണ്ടുവന്നു നടത്തുക സാദ്ധ്യമല്ല. മറ്റു ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം കൂടിയുണ്ടെങ്കിൽ ഇനിമേൽ പ്രവർത്തനം ഇന്നത്തേക്കാൾ കുറെക്കൂടി കാര്യക്ഷമമായി നടത്താൻ സാധിക്കും. ഈ പുതിയ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ചെയ്യുന്ന പ്രവർത്തനങ്ങളിൽ അതും ഉൾപ്പെടും.

നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പൊതുമേഖലാ വ്യവസായം

* 87. [96] ശ്രീ കെ. പുരുഷോത്തമൻപിള്ള:
,, എ പി കുര്യൻ: } താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1966–67 വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏതെങ്കിലും പൊതുമേഖലാ വ്യവസായങ്ങളും ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ലാഭകരമാക്കി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏവ;

(സി) ലാഭകരമായും നഷ്ടത്തിലും നടക്കുന്ന വ്യവസായസ്ഥാപനങ്ങൾ ഏവ;

(ഡി) പല വ്യവസായസ്ഥാപനങ്ങളും നഷ്ടത്തിൽ നടക്കുന്നതിന്റെ കാരണമെന്തെന്നു ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) 1967–68–ൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. 1968–69–ലെ കണക്കുകളും ശരിയായിട്ടില്ലാത്തതുകൊണ്ടു പ്രവർത്തനം എങ്ങനെയായിരുന്നു എന്നു പറയാനാവില്ല.

(ബി) പ്രോദ്യം ഉദിക്കുന്നില്ല.

(സി) 1967–68–ലെ കണക്കുകളനുസരിച്ച് ഗവണ്മെന്റുടമയിലുള്ള വ്യവസായസ്ഥാപനങ്ങളും.—

ലാഭത്തിൽ നടക്കുന്നവ—

LIBRARY ARCHIVES Kerala Legislative Assembly